# പതിമൂന്നാം കേരളനിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 278** — **30.11.2015-ൽ മറുപടിക്ക്**

### ചന്ദ്രബോസ് വധക്കേസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബാബു എം.പാലിശ്ശേരി** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ചന്ദ്രബോസ് വധക്കേസിലെ പ്രതി മുഹമ്മദ് നിഷാമിന് ജയിലിൽ നിന്നും കോടതിയിൽ പോകുന്നതിനിടയിൽ തൃശ്ശൂർ അയ്യന്തോളിലെ ആഡംബര ഹോട്ടലിൽ ബന്ധുക്കൾക്കൊപ്പം കഴിയുന്നതിന് സൗകര്യം ഒരുക്കപ്പെടുകയുണ്ടായോ; | (എ) ചന്ദ്രബോസ് വധക്കേസിലെ പ്രതിയായ മുഹമ്മദ് നിഷാമിനെ കോടതിയിൽ ഹാജരാക്കുന്നതിലേയ്ക്കായി 04.08.2015-ാം തീയതി ജയിലിൽ നിന്നും കണ്ണൂർ എ.ആർ. ക്യാമ്പിലെ പോലീസ് ഉദ്യോഗസ്ഥരുടെ അകമ്പടിയോടെ രാവിലെ ബഹു: കോടതി മുമ്പാകെ ഹാജരാക്കുകയും കേസ് തുടർ നടപടികൾക്കായി ഉച്ചകഴിഞ്ഞ് 2.30ലേക്ക് മാറ്റിവച്ച സമയം ഉച്ചഭക്ഷണം കഴിക്കുന്നതിനായി കാഞ്ഞാണി റോഡിലുള്ള റാന്തൽ റസ്റ്റോറന്റിൽ എത്തുകയും പ്രതിയും പോലീസ് പാർട്ടിയും പ്രതിയുടെ സുഹൃത്തുക്കളും ഒരുമിച്ച് ഭക്ഷണം കഴിക്കുകയും സുഹൃത്തുക്കൾ ബന്ധുക്കൾ എന്നിവരുമായി സംസാരിക്കുകയും ചെയ്തതായി വെളിവായിട്ടുണ്ട്. |
| (ബി) ഹോട്ടലിലെ സി.സി.ടി.വി. ക്യാമറകൾ ഓഫാക്കിക്കൊണ്ട്, പ്രതിയുടെ വിലങ്ങുകൾ അഴിച്ചുമാറ്റിയാണ് കുടുംബാംഗങ്ങളോടൊപ്പം ഭക്ഷണം കഴിക്കാനുൾപ്പെടെ സൗകര്യങ്ങൾ ഒരുക്കിയെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) എങ്കിൽ അന്വേഷിക്കുകയുണ്ടായോ; ഉന്നതങ്ങളിൽ നിന്നുള്ള ആരുടെയെങ്കിലും നിർദ്ദേശത്തെ തുടർന്ന് പോലീസ് പ്രതിയ്ക്ക് സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുകയുണ്ടായോ; വിശദമാക്കുമോ ? | (സി) അന്വേഷിക്കുകയുണ്ടായി. ഇക്കാര്യത്തിന് കണ്ണൂർ എ.ആർ.ക്യാമ്പിലെ ആർ.എസ്.ഐ. കെ.റ്റി. പ്രദീപ്, സി.പി.ഒ.മാരായ പ്രദീഷ്, ജിജോ ജോർജ്, സുധീഷ് എന്നിവരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. പ്രതിക്ക് സൗകര്യങ്ങൾ ചെയ്തുകൊടുക്കുവാനായി ഉന്നതങ്ങളിൽ നിന്നുള്ള ആരെങ്കിലും നിർദ്ദേശം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ